**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 178** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>'വൺ കേരള കരുതൽ മിഷൻ'</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. രാജൻ. ജെ. പല്ലൻ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. രമേഷ് പിഷാരടി

ശ്രീ. സുമേഷ് അച്യുതൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ

(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** സഹാനുഭൂതിയോടെ ഭരണം എന്ന കാഴ്ചപ്പാടിൽ സംസ്ഥാനത്ത് വൺ കേരള കരുതൽ മിഷൻ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

**<u>മറുപടി:</u>** മാരക രോഗങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാൻ സാധിക്കാത്തതും, കുട്ടികൾക്ക് ആവശ്യമായ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് കഴിയാത്ത തരത്തിൽ സാമ്പത്തിക പരാധീനത അനുഭവിക്കുന്നതുമായ ഒരു വിഭാഗം ഇന്നും കേരളത്തിലുണ്ട്. ഇത്തരത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന അർഹരായ ഗുണഭോക്താക്കൾക്ക് സഹായം നേരിട്ട് എത്തിക്കുന്നതിനുള്ള ഒരു സാങ്കേതികവിദ്യാധിഷ്ഠിത പ്ലാറ്റ്ഫോമായി 'വൺ കേരള കരുതൽ മിഷൻ' സ്ഥാപിക്കും. സർക്കാരിതര സംഘടനകൾ, സി.എസ്.ആർ. ഫണ്ടുകൾ, സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നുമുള്ള സഹായം എന്നിങ്ങനെ സംഭാവനയായി ലഭിക്കുന്ന ഓരോ രൂപയും അർഹരായവരിൽ തന്നെ എത്തിച്ചേരണം എന്ന സുതാര്യവും വിട്ടുവീഴ്ചയില്ലാത്തതുമായ തത്വമായിരിക്കും ഈ മിഷന്റെ അടിസ്ഥാനം. ഇതിന്റെ ഭരണപരവും പ്രവർത്തനപരവുമായ ചെലവുകൾ സർക്കാർ നേരിട്ട് വഹിക്കുകയും സംഭാവനകൾ പൂർണ്ണമായും കാരുണ്യ പ്രവർത്തനങ്ങൾക്ക് മാത്രമായിരിക്കും ഉപയോഗിക്കപ്പെടുക എന്ന് ഉറപ്പ് വരുത്തുകയും ചെയ്യും.

സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് സമയബന്ധിതമായ സഹായം ഉറപ്പാക്കുന്നതിനൊപ്പം സംഭാവന നൽകുന്നവരിൽ വിശ്വാസം വളർത്തിയെടുക്കുന്നതിനായി ഡിജിറ്റൽ വെരിഫിക്കേഷൻ സംവിധാനങ്ങൾ, സുതാര്യമായ ഗുണഭോക്തൃ തിരിച്ചറിയൽ പ്രോട്ടോക്കോളുകൾ, തത്സമയ പൊതു വെളിപ്പെടുത്തൽ (Real-Time Public Disclosure) സംവിധാനങ്ങൾ തുടങ്ങിയവ ഇതിനായി പ്രയോജനപ്പെടുത്തും.

പ്രസ്തുത പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**(ബി)** വൺ കേരള കരുതൽ മിഷനിലേക്ക് ഏത് രീതിയിൽ ധനസമാഹരണം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്; ഫണ്ടിന്റെ സുതാര്യമായ വിനിയോഗത്തിന് ഡിജിറ്റൽ വെരിഫിക്കേഷൻ സംവിധാനങ്ങൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** എന്തൊക്കെ സഹായങ്ങളും സേവനങ്ങളും ആണ് പ്രസ്തുത മിഷൻ മുഖേന നൽകുവാൻ ഉദ്ദേശിക്കുന്നതെന്നുള്ള വിശദാംശങ്ങൾ നൽകുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**